നൗഷാദ് ചേനപ്പാടി
noushadpk@gmail.com

# അന്യ സ്ത്രീ പുരുഷന്മാർ അതിരുകൾ പാലിക്കണം

عَنْ جَابِرٍ ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : لَا تَلِجُوا عَلَى الْمُغِيبَاتِ ، فَإِنَّ الشَّيْطَانَ يَجْرِي مِنْ أَحَدِكُمْ مَجْرَى الدَّمِ، قُلْنَا : وَمِنْكَ ؟ قَالَ : وَمِنِّي ، وَلَكِنَّ اللَّهَ أَعَانَنِي عَلَيْهِ فَأَسْلَمَ.

جامع الترمذي: 1154. صحيح جامع الترمذي لالباني: 1172

**ജാബിറി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: നിങ്ങളാരും ഭർത്താവ് സ്ഥലത്തില്ലാത്ത അന്യസ്ത്രീകളുടെ അടുക്കൽ പ്രവേശിക്കരുത്. കാരണം, നിങ്ങളിൽ രക്തം സഞ്ചരിക്കുന്നേടത്തൊക്കെ പിശാച് സഞ്ചരിക്കും. ഞങ്ങൾ ചോദിച്ചു: അങ്ങയിലും അങ്ങനെ ഉണ്ടാകുമോ? അവിടുന്നു പറഞ്ഞു: എന്നിലും ഉണ്ടാകും. എന്നാൽ, അവന്റെ ഉപദ്രവത്തിൽനിന്ന് അല്ലാഹു എന്നെ സഹായിച്ചിരിക്കുന്നു. അതിനാൽ ഞാൻ രക്ഷപ്പെട്ടിരിക്കുന്നു.**
**ഇമാം തിർമിദി(റ)തന്റെ സുനനിൽ ഉദ്ധരിച്ച ഹദീസ് (1154). ശൈഖ് അൽബാനി സംശോധന ചെയ്ത ജാമിഉത്തിർമിദി (1172)**

പുരുഷന്മാരും സ്ത്രീകളും അവരുടെ ബന്ധുക്കളും വളരെ ഗൗരവത്തിലെടുക്കുകയും പരിഗണിക്കുകയും ചെയ്യേണ്ടതാണ് ഈ ഹദീസിലെ മുന്നറിയിപ്പ്. ഇക്കാര്യത്തിൽ ബന്ധുക്കൾക്കും ശ്രദ്ധയുണ്ടാവണം. സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രത്യേകമായി മൂന്നു സൂറത്തുകൾ തന്നെയുണ്ട് ഖുർആനിൽ. *അന്നിസാഉം അന്നൂറും അൽഅഹ്സാബും.* കുടുംബ നിയമങ്ങളുമായി ബന്ധപ്പെട്ട് *അത്ത്വലാഖ്* പോലുള്ള സൂറത്തുകളും, മറ്റു സൂറത്തുകളിൽ നിരവധി ആയത്തുകളും സ്ത്രീകളുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. കൂടാതെ അനവധി ഹദീസുകളും; അന്യസ്ത്രീയും പുരുഷനും ഒരിടത്തും രക്തബന്ധുക്കൾ കൂടെയില്ലാതെ തനിച്ചാവാൻ പാടില്ല എന്നുതുടങ്ങിയ ഹദീസുകൾ. അവിടെയും നബി (സ) അതിനു കാരണം പറഞ്ഞിരിക്കുന്നത്, മൂന്നാമനായി പിശാചായിരിക്കും അവിടെയുണ്ടാവുക എന്നതാണ്. ഈ ഹദീസിലും, സ്ത്രീകളുടെയടുത്ത് പ്രവേശിക്കാൻ പാടില്ല എന്ന കൽപനയെത്തുടർന്ന് വന്ന വചനം ശ്രദ്ധിക്കുക, മനുഷ്യനിൽ രക്തം സഞ്ചരിക്കുന്നേടത്തൊക്കെ ശൈത്താനും സഞ്ചരിക്കുമെന്ന്. വളരെ ശക്തമായ ഒരു സൂചന കൂടിയാണിത്. വിശേഷിച്ചും ഈ ഇന്റർനെറ്റ് യുഗത്തിൽ. മനുഷ്യനെ ഏതു സമയവും ഹറാമിലേക്ക് ക്ഷണിക്കുകയും അതിലേക്ക് ശക്തമായി പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന കാലമാണല്ലോ.

ആണും പെണ്ണും പ്രായപൂർത്തിയാകുമ്പോഴേക്ക് ഇ

> **തെറ്റുകളിലേക്കും ഹറാമുകളിലേക്കും ചായാതെയും വീഴാതെയുമിരിക്കാനുള്ള മുന്നറിയിപ്പുകളും നിയമങ്ങളും ഇസ്‌ലാം നൽകുന്നുണ്ട്. അത് പരിഗണിക്കാതെ അവഗണിച്ചു കളയുന്നതിന്റെ ദുരന്തം ഓരോ ദിവസവും ഈ ഉമ്മത്ത് അനുഭവിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നുണ്ടല്ലോ.**

ബ്ലീസിന്റെ ഈ ആകർഷണവലയത്തിൽ വീണുപോകാനിടയുണ്ട്. വീണാൽ പിന്നെ അതിൽനിന്നു രക്ഷപ്പെടുക അത്ര എളുപ്പമല്ല. എന്നും ആ വലയിൽ അവൻ കുരുക്കിയിടും. അങ്ങനെ തീ പിടിച്ച മനസ്സുമായിട്ടാണ് അവൻ/അവൾ വളർന്നുവരുന്നത്. സ്വന്തങ്ങളും ബന്ധങ്ങളും മാനിക്കാതെയും ദീനീ നിയമങ്ങളെയും മുന്നറിയിപ്പുകളെയും കൂസാതെയുമാണ് അവർ ജീവിച്ചു തുടങ്ങുന്നത്. അല്ലാഹുവിലും പരലോകത്തിലുമുള്ള വിശ്വാസത്തിൽ പർവതസമാനം ഉറച്ചുനിന്നിരുന്ന ഒരു സമൂഹത്തോടാണ് നബി (സ) ഇതു പറഞ്ഞതെന്നോർ

ക്കുക. പതിനാലു നൂറ്റാണ്ടുകൾക്കുശേഷം ആ വിശ്വാസത്തിന് അത്യന്തം അയവുവരികയും ശൈത്വാൻ അവന്റെ 'വല' പൂർണമായും വിരിക്കുകയും ചെയ്തിരിക്കുന്ന ഇക്കാലത്ത് നബി(സ)യുടെ ഈ മുന്നറിയിപ്പുകളെ എത്ര ഗൗരവത്തോടെയാണ് നാം സ്വീകരിക്കേണ്ടതെന്ന് ചിന്തിക്കുക.

തെറ്റുകളിലേക്കും ഹറാമുകളിലേക്കും ചായാതെയും വീഴാതെയുമിരിക്കാനുള്ള മുന്നറിയിപ്പുകളും നിയമങ്ങളും ഇസ്‌ലാം നൽകുന്നുണ്ട്. അതിലൊരു മുന്നറിയിപ്പാണ് നബി(സ) ഈ ഹദീസിൽ കൂടി ഉമ്മത്തിന് നൽകുന്നത്. അത് പരിഗണിക്കാതെ അവഗണിച്ചു കളയുന്നതിന്റെ ദുരന്തം ഓരോ ദിവസവും ഈ ഉമ്മത്ത് അനുഭവിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നുണ്ടല്ലോ. സ്വഹാബത്ത് അവിടുത്തോട് ചോദിച്ച ചോദ്യവും ശ്രദ്ധേയമാണ്; അങ്ങേക്കും ഇങ്ങനെതന്നെ സംഭവിക്കുമോ എന്ന്. 'ഓരോ മനുഷ്യനും ഒരു ശൈത്വാനുണ്ട്. എന്നാൽ അല്ലാഹു അവനെ എനിക്കു കീഴ്പ്പെടുത്തിത്തന്ന് എന്നെ സഹായിച്ചതിനാൽ എന്റെമേൽ അവന് സ്വാധീനം ചെലുത്താൻ സാധ്യമല്ലെന്നും അതിനാലാണ് ഞാൻ രക്ഷപ്പെട്ടു നിൽക്കുന്നതെ'ന്നുമാണ് നബിയുടെ മറുപടി. സാധാരണക്കാരായ നാമോരോരുത്തരും ഈ വിഷയത്തിൽ എത്രമാത്രം ശ്രദ്ധിക്കണമെന്ന് ഉണർത്തുകയാണ് റസൂൽ അതിലൂടെ. ഒരേ വീട്ടിലെ സ്വന്തം സഹോദരങ്ങളായാൽപോലും പ്രായപൂർത്തിയായാൽ അവരെ വെവ്വേറെ കിടത്തണമെന്ന നബി(സ)യുടെ കൽപനകൂടി ഓർക്കുക.

ഭർത്താവിന്റെ സഹോദരൻ അന്യപുരുഷനാണെന്നും അയാളിൽ നിന്ന് അകലം പാലിക്കണമെന്നുമുള്ള നിർദേശങ്ങളുമുണ്ട്. മുസ്‌ലിം സമൂഹം ഈ കാര്യത്തിലും അത്യന്തം അശ്രദ്ധരാണെന്ന് പറയാതെ വയ്യ. ഒരു മുസ്‌ലിമിനെ തെറ്റുകളിൽനിന്നും ഹറാമുകളിൽനിന്നും തടഞ്ഞുനിർത്തുന്നത് അല്ലാഹുവിലും പരലോകത്തിലുമുള്ള അവന്റെ ശക്തമായ ഈമാനും അതേപ്പറ്റിയുള്ള നിരന്തര ബോധവുമാണ്. അത് ലഭിക്കുന്നതാവട്ടെ അവന്റെ ദീനീ വിദ്യാഭ്യാസത്തിൽനിന്നും. എന്നാൽ, ഇന്ന് മുസ്‌ലിം ബഹുഭൂരിപക്ഷത്തിനും ആ വിദ്യാഭ്യാസവും ലഭിക്കുന്നില്ല. ദീനീ വിദ്യാഭ്യാസമെന്ന പേരിൽ കിട്ടുന്നതാകട്ടെ പലപ്പോഴും അവന്റെ നിത്യജീവിതത്തിൽ സ്വാധീനം ചെലുത്തുന്നുമില്ല; ഹഖും ബാത്വിലും വേർതിരിച്ചു മനസ്സിലാക്കി ഇസ്‌ലാമിക ജീവിതം നയിക്കാൻ അവനെ പ്രാപ്തനാക്കുന്നുമില്ല.

ചുരുക്കത്തിൽ, മുസ്‌ലിം സ്ത്രീയുടെയും അന്യ പുരുഷന്റെയും ഇടയിൽ എപ്പോഴും ഒരു മറ സൂക്ഷിക്കൽ നിർബന്ധമാണ്. സ്കൂളുകളും കോളേജുകളും ഓഫീസുകളും മറ്റു പൊതു ഇടങ്ങളും അവിടം ഭരിക്കുന്ന 'ഇസ'ങ്ങളും ഈ മറയെ പിച്ചിച്ചീന്താനാണ് ശ്രമിക്കുന്നത്. അതിനാൽ, ഈ മറയെ തുളക്കുന്ന ശൈത്വാന്റെ മൂർച്ചയേറിയ ശരങ്ങളെ പ്രതിരോധിക്കാനുള്ള ഈമാനികമായ ശക്തി അവൾ ആർജിച്ചേ മതിയാവൂ. ●

70255 53850


# B.com (F&T), B.A Arabic & B.A English

# പ്രവേശനം തുടരുന്നു

മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത **അസ്ഹറുൽ ഉലൂം കോളേജ് ഓഫ് ആർട്സ് & സയൻസിൽ** B.com (F&T), B.A Arabic (Model II) & B.A English (Model II) കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് മതിയായ രേഖകളുമായി ഓഫീസിൽ നേരിട്ട് വന്ന് പ്രവേശനം നേടാവുന്നതാണ്

വിശദവിവരങ്ങൾക്ക് : 96450 06151, 90370 09217

**അസ്ഹറുൽ ഉലൂം കോളേജ് ഓഫ് ആർട്സ് & സയൻസ്**

ചാലക്കൽ, ആലുവ - 5 | *aucas.aluva@gmail.com*

ഹോസ്റ്റൽ സൗകര്യം :
**ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും**